"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ജീവനക്കാര്യം - ചെങ്ങന്നൂർ റീസർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും വിരമിച്ച ലാസ്റ്റ് ഗ്രേഡ് സർവന്റ്, പി.കെ.ഗോപാലപിള്ള (late) യുടെ കുടുംബ പെൻഷൻ ടിയാന്റെ മകൾ കുമാരി ബീന പി. ജി. ക്ക് അനുവദിച്ച് ഉത്തരവാകുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(സാധാ) നം.1052/2024/RD തീയതി,തിരുവനന്തപുരം, 19-03-2024

---

പരാമർശം:-

1. കുമാരി ബീന പി. ജി. സമർപ്പിച്ച 16.09.2023 ലെ അപേക്ഷ.
2. ആലപ്പുഴ ജില്ലാ കളക്ടറുടെ 19.01.2024 ലെ DCALP/10953/2023/F2 നമ്പർ കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 17.02.2024 ലെ എൽ.ആർ/13518/2023-എഫ്.ബി.(എ11) നമ്പർ കത്ത്.

**ഉത്തരവ്**

റവന്യൂ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ് തസ്തികയിൽ നിന്നും 30.04.1996 ൽ വിരമിച്ച പി.കെ.ഗോപാലപിള്ള 14.01.2021 ൽ മരണപ്പെട്ടതിനെ തുടർന്ന് ടിയാന്റെ കുടുംബ പെൻഷൻ ടിയാന്റെ ഭാര്യയായ ശ്രീമതി രത്നമ്മ സി. എസ്. കൈപ്പറ്റിയിരുന്നതാണെന്നും, ടിയാരി 30.11.2022 ൽ മരണപ്പെട്ടതിനാൽ അവരുടെ മകളായ കുമാരി ബീന പി. ജി. ക്ക് പ്രസ്തുത കുടുംബ പെൻഷൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 52 വയസ്സ് പ്രായമുള്ള കുമാരി ബീന പി. ജി. അവിവാഹിതയും തൊഴിൽരഹിതയുമാണ്. ടിയാരിയുടെ വാർഷിക വരുമാനം 58,000/- രൂപയാണ്. പരേതന്റെ അനന്തരാവകാശികളായ മൂന്ന് പെൺമക്കളിൽ മറ്റ് രണ്ട് പേർ വിവാഹിതരാണ്. 30.11.2022 ൽ മാതാവ് മരണപ്പെട്ടതിന് ശേഷം കുടുംബ പെൻഷൻ അനുവദിക്കുന്നതിനാവശ്യമായ എല്ലാ രേഖകളുമുൾപ്പെടെ നിർദ്ദിഷ്ട സമയപരിധിയായ 3 വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടുമുണ്ട്. കെ. എസ്. ആർ ഭാഗം 3 ചട്ടം 90(6)(ഇ) പ്രകാരം പെൻഷണറുടെ 25 വയസ്സിനു മുകളിൽ പ്രായമുള്ളതും വാർഷിക വരുമാനം 60,000/- രൂപയിൽ കുറവായതുമായ അവിവാഹിതരായ പെൺമക്കൾക്ക് കുടുംബ പെൻഷന്

അർഹതയുണ്ട്.

(3) മേൽ സാഹചര്യത്തിൽ, റവന്യൂ വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ് ആയിരുന്ന പി. കെ. ഗോപാലപിള്ളയുടെ കുടുംബപെൻഷൻ 01.12.2022 തീയതി പ്രാബല്യത്തിൽ ടിയാന്റെ മകൾ കുമാരി ബീന പി. ജി. ക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയചന്ദ്രൻ എ
അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ , തിരുവനന്തപുരം.
ജില്ലാ കളക്ടർ, ആലപ്പുഴ.
കുമാരി ബീന പി. ജി., പടിഞ്ഞാറെ വീട്, പുത്തൻകാവ് പി. ഒ., ചെങ്ങന്നൂർ, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (06.03.2024 ലെ E-2718585/EXP-D1/81/2024-ധന നമ്പർ റിമാർക്ക്സ് പ്രകാരം)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.(REV-T1/48/2024-REV )

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 19-03-2024 12:35:26
സെക്ഷൻ ഓഫീസർ